No. CEE/4245/PGM/2018/TA3


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# വിജ്ഞാപനം

# ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2018

1. കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ ലഭ്യമായ സീറ്റുകളിലേക്കും സ്വകാര്യ സ്വാശ്രയ/സഹകരണ മെഡിക്കൽ കോളേജുകളിലെ ലഭ്യമായ എല്ലാ സീറ്റുകളിലേക്കും 2018 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് 2018 ലെ പ്രവേശനത്തിനായുള്ള നീറ്റ്-പി.ജി - 2018 പരീക്ഷയിൽ നിശ്ചിത യോഗ്യത നേടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള രീക്ഷാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

കുറിപ്പ്:- കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ (CAP) സമയത്ത് നിലവിലുള്ള നിയമമനുസരിച്ച് സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എല്ലാ കോഴ്സുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ് ബഹു. ഇന്ത്യൻ സുപ്രീം കോടതി/കേരള ഹൈക്കോടതി അഥവാ കേരള സർക്കാർ ഉത്തരവ്/ഇന്ത്യാ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം നിർവ്വഹിക്കുന്നതാണ്.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:**

**(a) വിദ്യാഭ്യാസ യോഗ്യതകൾ:** അപേക്ഷകർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച എം.ബി.ബി.എസ് ബിരുദം ഉള്ളവരോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിലോ സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്യപ്പെട്ട എം.സി.ഐ അംഗീകൃത എം.ബി.ബി.എസ് ബിരുദം ഉള്ളവരോ ആയിരിക്കണം. കൂടാതെ അപേക്ഷകൻ 2018 മാർച്ച് 31 നോ അതിനു മുൻപോ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയിരിക്കണം.

**(b) നേറ്റിവിറ്റി:**

(i) അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം. Persons of Indian Origin (PIO)/ Overseas Citizen of India (OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇൻഡ്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്. ഇവർ പ്രോസ്പെക്ടസ് ക്ലോസ് 12.1(b) പ്രകാരം 3 വർഷം സീനിയർ റസിഡന്റായി പ്രവർത്തിക്കാമെന്ന ബോണ്ട് ഹാജരാക്കിയാൽ മതിയാകും. എന്നാൽ PIO/OCI അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമല്ല.

(ii) കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ നിന്നും ബിരുദമെടുത്ത കേരളീയരല്ലാത്ത അപേക്ഷകരേയും പരിഗണിക്കും എന്നാൽ ഇവർ സാമുദായിക/പ്രത്യേക/വികലാംഗ സംവരണാനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല.

**(c) വയസ്:** പി.ജി മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് ഉയർന്ന പ്രായപരിധി ഇല്ല. സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായ പരിധി 53 വയസ്സാണ്. (പ്രോസ്പെകടസ് ക്ലോസ് 4-3.2).

**(d) യോഗ്യതാ മാനദണ്ഡം:** 2018-19 വർഷത്തെ കേരള പി.ജി.മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷകരും (സർവ്വീസ് ക്വാട്ടയിലൂടെ പി.ജി ഡിപ്ലോമ കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഉൾപ്പെടെ) നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ 2018 വർഷത്തെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് -പോസ്റ്റ് ഗ്രാജുവേറ്റ് 2018 അഭിമുഖീകരിച്ച് കുറഞ്ഞ യോഗ്യതയായ 50 പെർസന്റയിൽ നേടിയിരിക്കണം. എന്നാൽ എസ്.സി, എസ്.ടി, എസ്.ഇ.ബി.സി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് കുറഞ്ഞത് 40 പെർസന്റയിൽ നേടിയാൽ മതിയാകും. കാലുകൾക്ക് 40% മുതൽ 70% വരെ ചലന വൈകല്യമുള്ളവർ കുറഞ്ഞത് 45 പെർസന്റയിൽ നേടിയിരിക്കണം.

3. **പ്രവേശന രീതി:** 2018 വർഷത്തെ ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനത്തിനായി നടത്തപ്പെടുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് -പോസ്റ്റ് ഗ്രാജുവേറ്റ് 2018 അഭിമുഖീകരിച്ച് നിശ്ചിത യോഗ്യത നേടി കേരള സംസ്ഥാനത്തിനുവേണ്ടി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരം നിശ്ചിത യോഗ്യതകളുള്ളതുമായ അപേക്ഷകരെ മാത്രമേ ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റിന്റേയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്.

4. **ഓൺലൈൻ അപേക്ഷാ സമർപ്പണവും, അപേക്ഷാ ഫീസും:**

2018-19 വർഷത്തെ കേരള പി.ജി.മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **06.03.2018** മുതൽ അപേക്ഷകൾ ഓൺലൈനായി

സമർപ്പിക്കേണ്ടതും. അപേക്ഷാ ഫീസ് ഓൺലൈൻ പേയ്മെന്റായോ ഇ-ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ-ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ-ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും പോസ്റ്റ് ഓഫീസിന്റെ ഹെഡ്/സബ് ശാഖകളിലോ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഒപ്പ്, സർട്ടിഫിക്കറ്റുകൾ/ അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

നിലവിൽ സർവ്വീസിൽ തുടരുന്ന അപേക്ഷകർ അപേക്ഷയുടെ പ്രിന്റൗട്ടും അപ്‌ലോഡ് ചെയ്യുന്ന അനുബന്ധ രേഖകളും ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് **14.03.2018** വൈകുന്നേരം **5** മണിയ്ക്ക് മുൻപായി അയച്ചുകൊടുക്കേണ്ടതാണ്.

20.06.2005 ലെ **G.O.(Ms)No.25/05/SCSTDD** പ്രകാരം ജനറൽ വിഭാഗം അപേക്ഷകർ അപേക്ഷാ ഫീസിനത്തിൽ 1000/- രൂപയും പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ 500/- രൂ യും അടയ്ക്കേണ്ടതാണ്. പ്രോസ്പെക്ടസ് മേൽ സൂചിപ്പിച്ച വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാ ഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ മെഡിക്കൽ കോളേജുകളിലോ ലഭിക്കുന്നതല്ല.

5. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ പ്രോസ്പെക്ടസ് ക്ലോസ് 7.2.4 പ്രകാരം ഓൺലൈൻ അപേക്ഷയ്ക്കൊപ്പം സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **14.03.2018** വൈകുന്നേരം **5** മണിയ്ക്ക് മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

6. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ ക്വാട്ട എൻ.ആർ.ഐ. ക്വാട്ട എന്നിവയുൾപ്പെടെയുള്ള മുഴുവൻ പി.ജി മെഡിക്കൽ സീറ്റുകളിലും നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസിലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്. ആയതിനാൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യത തെളിയിക്കുന്നതിന് താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.
   i. സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ജി.ഒ(എം.എസ്) നം. 243/2014/ആ.കു.വ തീയതി: 06/08/2014 പ്രകാരം)
   ii. തൊഴിൽ ദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവ്വർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്.
   iii. വിസ സ്റ്റാമ്പ് ചെയ്തതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്.
   iv. വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം
   v. സ്പോൺസർ ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്നതിനുള്ള രേഖ.

7. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല.

8. **ഡാറ്റാ ഷീറ്റ്:** പ്രവേശനത്തിനുള്ള യോഗ്യത നേടി വിവിധ മെരിറ്റ്/കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടവർക്കുള്ള ഡാറ്റാ ഷീറ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും നിശ്ചിത തീയതിക്കുശേഷം ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

9. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസ് ക്ലോസ് 10-ലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

10. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2018 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം

03.03.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**